15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 146 | 20-06-2024 - ൽ മറുപടിയ്ക്ക്

ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കടുത്ത വരൾച്ച കാരണം ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കടുത്ത വരൾച്ച കാരണം ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ബ്ലോക്ക് തലത്തിലുള്ള ക്ഷീരവികസന യൂണിറ്റ് മുഖാന്തിരം ക്ഷീരസംഘങ്ങളുമായി ബന്ധപ്പെട്ടും, മൃഗാശുപത്രികൾ വഴിയും വിവരശേഖരണം നടത്തി ഓരോ ജില്ലയിലും ഉണ്ടായ നഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടുണ്ട്. കടുത്ത വരൾച്ച മൂലം ജലദൗർലഭ്യം നേരിട്ട സാഹചര്യത്തിൽ തീറ്റപ്പുല്ലിന്റെ ലഭ്യതയും പാലുല്പാദനവും ഗണ്യമായി കുറയുകയും പല കർഷകരും പശുക്കളെ വിൽക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തു. പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടേയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി മൃഗസംരക്ഷണ മേഖലയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (Heat Action Plan) തയ്യാറാക്കി കർഷകർക്കും പൊതുജനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ, ഉഷ്ണതാപനം ഉണ്ടാകുന്ന പ്രദേശങ്ങളിലെ കർഷകർക്ക് അന്തരീക്ഷ താപനില നിശ്ചിത പരിധിയ്ക്ക് മുകളിൽ ഉയരുന്ന ഘട്ടങ്ങളിൽ SMS വഴിയുള്ള മുന്നറിയിപ്പ് സന്ദേശം ഭാവിയിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം മൃഗസംക്ഷണ വകുപ്പ് ഒരുക്കിയിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തെ 5 ലക്ഷത്തിൽ പരം കർഷക ഭവനങ്ങളുടെ ലൊക്കേഷൻ മാപ്പ് ചെയ്തിട്ടുണ്ട്. |
| (ബി) | സൂര്യാഘാതത്താൽ കറവപ്പശുക്കൾ നഷ്ടപ്പെട്ടതിന്റെ വിവരം കർഷകരിൽ നിന്നും ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | സൂര്യാഘാതത്താൽ കറവപശുക്കൾ നഷ്ടപ്പെട്ടതിന്റെ വിവരം കർഷകരിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വളർത്തു മൃഗങ്ങൾ, കോഴികൾ എന്നിവ ഉൾപ്പെടെ 742 മൃഗങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും 1,98,24,800/- രൂപ നഷ്ടം സംഭവിച്ചതായും കണക്കാക്കുന്നു. ഇതിൽ |

| | | | |
|---|---|---|---|
| | | | കറവപ്പശുക്കളും/എരുമകളും 496 എണ്ണം, ആട് 22 എണ്ണം, കിടാരികൾ 56 എണ്ണം, കോഴിവർഗ്ഗം 168 എണ്ണം ഉൾപ്പെടുന്നു. |
| (സി) | ജീവിതോപാധിയായ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് ദുരന്തനിവാരണ മാനദണ്ഡങ്ങൾ പ്രകാരം ദുരന്തനിവാരണ വകുപ്പിൽ നിന്നാണ്. മരണപ്പെടുന്ന കറവപശുക്കൾക്ക് 37,500/- രൂപ നഷ്ട പരിഹാരം ലഭ്യമാകും. ടി മാനദണ്ഡങ്ങൾ പ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കുവാൻ ആവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ